I.ഇ.ബി. XIIകേരള നിയമസഭ/XII-6

**പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 16,ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 7-7-2009-ലെ നക്ഷത്രചിഹ്നമിടാത്ത 2602-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

**ശ്രദ്ധക്ഷണിക്കൽ**

(1) ഗതാഗത നിയമങ്ങൾ കർശനമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സംസ്ഥാനത്ത് പൊതുനിരത്തുകളിലെ അപകടങ്ങളിൽപ്പെട്ട് മരിക്കുന്നവരുടെയും പരിക്കുപറ്റുന്നവരുടേയും എണ്ണം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. മാധ്യമങ്ങൾ ഇത് ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും അപകടങ്ങൾ കുറയ്ക്കാൻ ബന്ധപ്പെട്ടവർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. ടിപ്പർ ലോറി അപകടങ്ങൾ

നിത്യസംഭവമായിരിക്കുന്നു. സ്കൂൾ സമയത്ത് ടിപ്പർ ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഗതാഗത നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് നിയമങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചുമുള്ള അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ കർശന മായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും പോലീസുദ്യോഗ സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി ട്രാഫിക് വിഭാഗത്തിൽ ഐ. ജി. റാങ്കിലുള്ള ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം കൂടി ഈ ഐ.ജി. യുടെ കീഴിൽ കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്. അപകടങ്ങൾ കുറയ്ക്കാനായി വാഹന പരിശോധന കർശനമാക്കുന്നതാണ്. ഗുരുതരമായ ട്രാഫിക് നിയമലംഘനം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾക്കായി ആർ.ടി.ഒ. മാർക്ക് റിപ്പോർട്ട് നൽകിവരുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുന്നതും മൊബൈൽ ഫോണിൽ സംസാരിച്ച് വാഹനമോടിക്കുന്നതും തടയുന്നതിന് പരിശോധനകൾ നടത്തിവരുന്നു. ടിപ്പർ ലോറികൾക്ക് രാവിലെ 8.00 മുതൽ 10.00 വരെയും വൈകിട്ട് 3.00 മുതൽ 5.00 വരെയും നിയന്ത്രണം ഏർപ്പെടുത്തുന്നതിനും എല്ലാ ടിപ്പർ ലോറികളേയും പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഒന്നിലധികം അപകടങ്ങൾക്ക് കാരണമായിട്ടുള്ള ടിപ്പർ ലോറികളുടെ ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ, സസ്പെൻഷൻ എന്നീ നടപടികൾ കൈക്കൊള്ളുന്നതിനും നിർദ്ദേശം

നൽകിയിട്ടുണ്ട്. വേഗപരിധി ലംഘിച്ചോ അശ്രദ്ധമായോ വണ്ടിയോടിക്കുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയി ട്ടുണ്ട്. സ്പീഡ് ഗവർണർ കാര്യക്ഷമമായി പ്രവർത്തിക്കാത്തതും ഫിറ്റ് ചെയ്യാത്തതുമായ ടിപ്പർ ലോറികളെ പിടികൂടുന്നതിനായി പ്രത്യേക പരിശോധന നടത്തത്താനും ട്രാഫിക് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി അപകടനിരക്ക് കൂടിയെന്ന് കാണുന്ന 41 ജംഗ്ഷനുകളെ കേന്ദ്രീക രിച്ച് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കാനും നിർദ്ദേശിച്ചി ട്ടുണ്ട്. ഇതിനോടകം ഏതാണ്ട് ആയിരത്തോളം സ്കൂളുകൾക്ക് മുമ്പിൽ വേഗപരിധി ബോർഡുകൾ സ്ഥാപിച്ചുകഴിഞ്ഞു. സ്കൂൾകുട്ടികളിലും പൊതുജനങ്ങളിലും ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി നാടകം, ഫോട്ടോ പ്രദർശനം, ക്വിസ് മൽസരം എന്നിവ എല്ലാ ജില്ലകളിലും സംഘടി പ്പിച്ചിട്ടുണ്ട്. പപ്പു എന്ന സീബ്ര കുട്ടിയെ ട്രാഫിക് ഭാഗ്യചിഹ്നമായി തിരഞ്ഞെ ടുക്കുകയും "പപ്പു ഉറങ്ങാത്ത പാത" എന്ന പേരിൽ ആറ് മാസം കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും എത്തിക്കുന്ന ഒരു ബോധവൽക്കരണ പരിപാടിയും നടന്നുവരികയാണ്. നാഷണൽ സർവ്വീസ് സ്കീം, നാറ്റ്പാക്ക് തുടങ്ങിയവയുമായി സഹകരിച്ച് പോലീസ് ഡിപ്പാർട്ടുമെന്റ് ബോധവൽക്ക രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കുന്നവരെ ഒരു കാരണവശാലും ബുദ്ധിമുട്ടിക്കാൻ പാടില്ലെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവളം-കൊല്ലം, കളിയിക്കാ വിള-നാഗർകോവിൽ റോഡുകൾ അപകട വിമുക്ത മേഖലയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇരുചക്ര വാഹനങ്ങളിൽ സ്കൂളുകളിൽ വരുന്ന കുട്ടികൾക്ക് സൗജന്യമായി ഹെൽമറ്റ് നൽകി

ബോധവൽക്കരണ പരിപാടി നടത്തുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി.യും മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(2) ഹജ്ജ് ക്വാട്ട

ശ്രീ. എ.എം. യൂസഫ്: ഹജ്ജിന് പോകാൻ അപേക്ഷ കൊടുത്തിട്ടുള്ള ധാരാളം ആളുകൾ ഇപ്പോൾ വെയിറ്റിംഗ് ലിസ്റ്റിലാണ്. ഹജ്ജ് ക്വാട്ട വിതരണത്തെ സംബന്ധിച്ച് പുതിയ മാർഗ്ഗ രേഖ തയ്യാറാക്കിയെന്ന പത്രവാർത്ത ആളുകളെ ആശങ്കയിലാക്കിയിരിക്കുകയാണ്. ഇപ്പോൾത്തന്നെ സ്വകാര്യ ഏജൻസികൾക്ക് നൽകിയിട്ടുള്ള 47,000 ക്വാട്ടയിൽ 6,000-ത്തോളം ഹജ്ജ് മന്ത്രാലയത്തിന്റെ ചുമതലയിലുള്ള വിദേശമന്ത്രാലയം കൈവശപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷം 29.072 അപേക്ഷകരിൽ 7800 പേർക്കാണ് അവസരം ലഭിച്ചത്. സൗദി ഗവൺമെന്റ് 13,000 പേർക്കുകൂടി ക്വാട്ട അനുവദിച്ചു. ഇങ്ങനെ കിട്ടുന്ന അഡീഷണൽ ക്വാട്ട സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് കൊടുക്കാതെ അത് വിൽക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അർഹതപ്പെട്ട ക്വാട്ട ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഇൻഡ്യയിൽ ഹജ്ജിന് പോകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവഹിക്കുന്നത് കേന്ദ്ര വിദേശകാര്യ മന്ത്രാലയ ഹജ്ജ് സെല്ലും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമാണ്. സംസ്ഥാന ഹജ്ജ് കമ്മിറ്റിക്കും സംസ്ഥാന സർക്കാരിനുമുള്ള ചുമതലകൾ വളരെ പരിമിതമാണ്. സ്വകാര്യ ഗ്രൂപ്പുവഴി പോകുന്നവർ വളരെ കൂടുതൽ തുക നൽകാൻ നിർബന്ധിതരാവുകയാണ്. മാത്രമല്ല ഈ രംഗത്ത് ഇടനിലക്കാരുടെ ചൂഷണം

വ്യാപകമാണ്. ഇതിന്റെ പേരിൽ കോടതിയെ സമീപിക്കുന്ന സ്ഥിതിവരെ അടുത്ത കാലത്തുണ്ടായി. ഹജ്ജ് തീർത്ഥാടന യാത്രയ്ക്ക് അനുവദിക്കുന്ന മുഴുവൻ സീറ്റുകളിലേക്കും സംസ്ഥാനങ്ങളിൽ നിന്ന് അപേക്ഷിക്കുന്നവരുടെ എണ്ണത്തെ അടിസ്ഥാനമാക്കി സംസ്ഥാന ഹജ്ജ് കമ്മിറ്റികൾക്ക് ക്വാട്ട അനുവദിക്കുകയും സംസ്ഥാന കമ്മിറ്റികൾ മുഖേന തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണമെന്ന് നിരന്തരമായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയോടും കേന്ദ്ര ഗവൺമെന്റിനോടും ആവശ്യപ്പെട്ടിട്ടും അനുകൂലമായ തീരുമാനം ഉണ്ടാകുന്നില്ല. അറുപത് വയസ് കഴിഞ്ഞതും ഇതുവരെ ഹജ്ജിന് പോകാൻ അവസരം ലഭിക്കാത്തതുമായ ആളുകൾക്ക് മുൻഗണന കൊടുക്കാനുള്ള അധികാരവും തന്നിട്ടില്ല. ഇക്കാര്യങ്ങൾ വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്

**സബ്മിഷൻ**

(1) <u>കേന്ദ്രാവിഷ്കൃത പദ്ധതി പുനരാരംഭിക്കാൻ നടപടി</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ദേശീയ കാർഷിക കമ്മിഷന്റെ നിർദ്ദേശപ്രകാരം 1975-ൽ നിലവിൽവന്ന ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭൂവിനിയോഗ ബോർഡ് 1986 മുതൽ ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവന്നിരുന്നു. ഇതിന് 45 ലക്ഷം രൂപയാണ് പ്രതിവർഷം കേന്ദ്ര വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത്. ആഗസ്റ്റ് 2009 മുതൽ ഈ പദ്ധതി തുടരേണ്ടതില്ല എന്ന് കേന്ദ്ര സർക്കാരിൽനിന്ന് നിർദ്ദേശം ലഭിച്ചു. ഈ പദ്ധതി നിറുത്തലാക്കുന്നതു

കൊണ്ട് ഭൂവിനിയോഗ ബോർഡിന് പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫണ്ടിന്റെ കുറവുണ്ടാകുകയും രണ്ടു തസ്തികകൾ നഷ്ടപ്പെടാനുമിടയുണ്ട്. തസ്തികകൾ നിലനിറുത്തുന്നതിനും പദ്ധതി തുടർന്നും നടത്താനും കേന്ദ്ര ത്തോട് ആവശ്യപ്പെടുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(2) <u>അക്ഷയ സംരംഭകരുടെ ആവശ്യങ്ങൾ</u>

<u>ശ്രീ. എ.എം. ആരിഫ്:</u> അക്ഷയ സംരംഭകർ നേരിടുന്ന പ്രയാസ ങ്ങൾ പരിഹരിച്ച് ഇവരെ തുടർന്നും നിലനിർത്തുന്നതിനും കടക്കെണി യിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> അക്ഷയ സംരംഭകർ കടക്കെണിയിലാണെന്ന അഭിപ്രായം ശരിയല്ല. പദ്ധതി ആരംഭിക്കുന്ന ഘട്ടത്തിൽ മലപ്പുറം ജില്ലയിൽ അറുന്നൂറോളം അക്ഷയ കേന്ദ്രങ്ങൾ ആരംഭി ക്കുകയും കമ്പ്യൂട്ടർ സാക്ഷരത പ്രവർത്തനം പൂർത്തിയാക്കിയ സംരംഭകർക്ക് വേണ്ടത്ര സേവനങ്ങൾ നൽകാനില്ലാത്തതിനാൽ പകുതിയോളം അക്ഷയസം ഘങ്ങൾ പൂട്ടിപ്പോവുകയും ചെയ്തു. അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കാൻ ബാങ്കുകളിൽനിന്നെടുത്ത ലോൺ അടയ്ക്കാത്തതിനാൽ ജപ്തി ഭീഷണി നേരിടുകയാണ്. ഇവരുടെ വായ്പകൾ തീർപ്പാക്കുന്നതിന് ബാങ്കുകളുമായി ചർച്ചകൾ നടത്തിവരികയാണ്. ഇവർക്ക് ക്ഷേമനിധി, ഗ്രൂപ്പ് ഇൻഷ്വറൻസ് പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാറിന്റെ കീഴിൽ നടത്താനുദ്ദേശിക്കുന്ന പരിശീലനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കൃഷി പദ്ധതി നടത്തിപ്പു സംബന്ധിച്ച് പഞ്ചായത്തുകൾക്കും കൃഷി ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവർക്കുള്ള വൈദ്യുതി താരിഫ് കുറച്ചുകൊണ്ടു

വരുന്നതിനുള്ള ഒരു പ്രോപ്പോസൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷന്റെ സജീവ പരിഗണനയിലാണ്.

(3) മൊയ്തീൻകോയ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ആര്യാടൻ മുഹമ്മദ്: കോഴിക്കോട് സ്വദേശിയായ മൊയ്തീൻ കോയയെ മാരുതിക്കാറിൽ എത്തിയ നാലാളുകൾ വീട്ടിനുമുമ്പിൽ വച്ച് തലയ്ക്കടിച്ച് മാരകമായി പരിക്കേൽപ്പിച്ച സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോഴിക്കോട് സ്വദേശിയായ ശ്രീ. മൊയ്തീൻകോയയെ 7-4-09-ന് രാവിലെ 6.30-ന് കണ്ടാലറിയാവുന്ന നാലുപേർ ചേർന്ന് അടിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ ചേവായൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ചേവായൂർ സി.ഐ.യുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. സിറ്റി പോലീസ് കമ്മിഷണറോട് കേസ്സിന്റെ മേൽനോട്ടം വഹിക്കാൻ നിർദ്ദേശിക്കുന്നതാണ്.

(4) പോസ്റ്റ്മോർട്ടം നടപടി ലഘൂകരിക്കൽ

ശ്രീ. സി. ടി. അഹമ്മദ് അലി: രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്താത്തതുകൊണ്ട് വാഹനാപകടങ്ങളിലും മറ്റും മരിക്കുന്നവരുടെ ബന്ധുക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആത്മഹത്യ, അപകടമരണം, സംശയാസ്പദമായ മരണം, കൊലപാതകം തുടങ്ങിയ സംഭവങ്ങളിൽ

ക്രിമിനൽ നടപടി നിയമം 174 വകുപ്പ് പ്രകാരമാണ് ഇൻക്വസ്റ്റ് നടത്തുന്നത്. അപ്പോൾ മൃതശരീരത്തിൽ കാണപ്പെടുന്ന മുറിവുകൾ, ചതവുകൾ, അടയാളങ്ങൾ മുതലായവ സൂക്ഷ്മമായും കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്. പോസ്റ്റുമോർട്ടം പകൽവെളിച്ചത്തിൽ നടത്തണമെന്നാണ് ഇതു സംബന്ധിച്ച ആധികാരിക ഗ്രന്ഥത്തിലും നിഷ്ക്കർഷിച്ചിട്ടുള്ളത്. ആധുനിക സംവിധാനമുള്ള ആശുപത്രികളിൽ പോസ്റ്റുമോർട്ടം രാത്രികാലത്തു നടത്താൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) <u>സുനിൽകുമാറിന്റെയും സഹോദരൻ അനിൽനാഥിന്റെയും ദുരൂഹമരണം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സുനിൽകുമാറും അനിയൻ അനിൽനാഥും രണ്ട് വ്യത്യസ്ത വാഹന അപകടങ്ങളിൽപ്പെട്ട് ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന നിലവാരത്തിലുള്ള ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തുകയും എസ്.സി/എസ്.ടി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) റൂൾസ്, 1995 അനുസരിച്ച് ധനസഹായവും കുടുംബത്തിലെ ഒരാൾക്ക് ജോലിയും കൊടുക്കാനുള്ള നടപടിയും സ്വീകരിക്കണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി നിവാസിയായ സുനിൽകുമാർ 2.3.2005-ന് രാത്രി 7.15-ന് ബൈക്കിൽ യാത്ര ചെയ്യവേ ചെല്ലമംഗലം എന്ന സ്ഥലത്തുവച്ച് കാർ ഇടിച്ച് പരിക്കേൽക്കുകയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 3.3.2005-ന് മരണപ്പെടുകയും ചെയ്തു. ഇതുസംബന്ധിച്ച് കഴക്കൂട്ടം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 15.4.05-ൽ കാർ ഡ്രൈവർ

സാബു എന്നയാളിനെ പ്രതിയാക്കി തിരുവനന്തപുരം 3-ാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ചാർജ് ഷീറ്റ് നൽകിയിട്ടുള്ളതും കേസ് വിചാരണയിൽ ഇരിക്കു ന്നതുമാണ്. സുനിൽകുമാറിന്റെ സഹോദരൻ അനിൽ നാഥ് 16.12.06-ന് വൈകിട്ട് 6.45-ന് മോട്ടോർ സൈക്കിളിൽ യാത്ര ചെയ്യവെ പൂജപ്പുര കൈലാസ് നഗർ ജംഗ്ഷന് സമീപം വച്ച് മോട്ടോർ സൈക്കിൾ ഓഫാവു കയും വീണ്ടും സ്റ്റാർട്ട് ചെയ്യുന്നതിനിടയിൽ തീ പിടിക്കുകയും ഗുരുതരമായ പൊള്ളലേറ്റ അനിൽനാഥ് മെഡിക്കൽകോളേജിൽ മരണപ്പെടുകയും ചെയ്തു. ഇത് സംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതാണ്. ഇവരുടെ മരണത്തിൽ ദുരൂഹതയുള്ളതായി സർക്കാ രിന് പരാതികൾ ലഭിച്ചിട്ടുണ്ട്. വിചാരണയിലിരിക്കുന്ന ഈ കേസ്സിൽ കോട തിയുടെ അനുവാദം ലഭിച്ചാൽ മാത്രമേ പുനരന്വേഷണം സാധ്യ മാവുകയുള്ളൂ. കോടതിയുടെ അനുമതി ലഭ്യമായാൽ ഒരു സ്പെഷ്യൽ ടീമിനെ വച്ച് പുനരന്വേഷണം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

ശ്രീ. വി.ഡി. സതീശൻ: വ്യത്യസ്തമായ കഴിവുകളുള്ളവർക്കായി (ഡിഫറന്റ്‌ലി ഏബിൾഡായവർക്ക്) എല്ലാ സ്ഥലങ്ങളിലും യാതൊരു തടസ്സവും ഇല്ലാതെ സഞ്ചരിക്കുന്നതിന് സൗകര്യമുണ്ടാകുന്ന വിധത്തിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): വ്യത്യസ്ത ശേഷിയുള്ളവർക്കുവേണ്ടിയുള്ള സ്റ്റേറ്റ് കമ്മീഷനുകളുടെ നിർദ്ദേശങ്ങളുടെയും ചർച്ചകളുടെയും

അടിസ്ഥാനത്തിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഈ വിഭാഗക്കാർക്ക് പൊതുജനങ്ങൾക്ക് പ്രവേശനമുള്ള എല്ലാ വിഭാഗം ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയ കെട്ടിടങ്ങളിൽ പ്രവേശനം സാദ്ധ്യമാക്കുന്നതിന് റാമ്പ് വഴി കെട്ടിടത്തിന്റെ പ്രധാന കവാടത്തിലേയ്ക്കുള്ള വഴി, നിശ്ചിത വിസ്തീർണ്ണത്തിലധികമുള്ള കെട്ടിടങ്ങളുടെ മുകളിലേയ്ക്ക് ലിഫ്റ്റോ റാമ്പോ മുഖേനയുള്ള വഴി, വ്യത്യസ്ത ശേഷികളിലുള്ള വ്യക്തികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ള ടോയ്ലറ്റുകൾ, നിർദ്ദിഷ്ട ശതമാനത്തിൽ കുറയാത്ത പാർക്കിംഗ് സൗകര്യം, നടപ്പാതകൾ, സ്പെഷ്യൽ റെസിഡൻഷ്യൽ ഏരിയ, ഹോട്ടൽ, ലോഡ്ജ് മുതലായ കെട്ടിടങ്ങളിൽ നിശ്ചിത അനുപാതത്തിൽ കുറയാതെ പ്രത്യേകം മുറികൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതേ വ്യവസ്ഥകൾ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഉൾപ്പെടുത്തുന്നതാണ്.

(7) ഗുരുവായൂർ മാസ്റ്റർ പ്ലാൻ

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : ഗുരുവായൂരിലേയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗുരുവായൂർ മാസ്റ്റർ പ്ലാൻ അടിയന്തിരമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഗുരുവായൂർ മാസ്റ്റർ പ്ലാൻ പരിഷ്ക്കരണ ജോലികൾ അവസാനഘട്ടത്തിലാണ്. റെയിൽവേ ലൈനിന്റെ അലൈൻമെന്റ്, ഇൻഡസ്ട്രിയൽ സോൺ, നെൽപ്പാടം എന്നീ സ്ഥലങ്ങളിൽ

വീട് നിർമ്മിക്കുന്നതിന് നിലവിലുള്ള പ്ലാനിന്റെ മേഖലാ നിയന്ത്രണങ്ങളിൽ മാറ്റങ്ങൾ വരുത്തി കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്ന് ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുനിസിപ്പാലിറ്റിയുമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(8) അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം

ശ്രീ. എം.വി. ശ്രേയാംസ്കുമാർ : കേരള ക്രിക്കറ്റ് അസോസിയേഷൻ ഇടക്കൊച്ചിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയത്തിനുവേണ്ടി അക്വയർ ചെയ്തിരിക്കുന്ന സ്ഥലത്തിന് ലാന്റ് സീലിംഗ് ആക്റ്റിൽനിന്നും സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഇളവ് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ 23 ഏക്കർ സ്ഥലം ബി.സി.സി.ഐ. പരിശോധിക്കുകയും പ്രസ്തുത സ്ഥലം വാങ്ങുന്നതിന് കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഇളവ് അനുവദിക്കുന്നതിനും രജിസ്ട്രേഷൻ ഫീസും മുദ്രപ്പത്ര വിലയും ഒഴിവാക്കുന്നതിനും കേരള ക്രിക്കറ്റ് അസോസിയേഷൻ സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് റവന്യൂ, രജിസ്ട്രേഷൻ, ധനകാര്യ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(9) തീപിടുത്തത്തിൽ ഭവനരഹിതരായവരുടെ പ്രശ്നങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: 2007 ഫെബ്രുവരി 17-ന് തീപിടിച്ചു നശിച്ച അഞ്ചുതെങ്ങിലെ 72 വീട്ടുകാർക്ക് പകരം വീടുനിർമ്മിച്ചുനൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് സ്ഥലമെടുപ്പ് നടത്തുകയുണ്ടായെങ്കിലും വീടു നിർമ്മിച്ചു നൽകുന്നതിൽ നോഡൽ ഏജൻസിയായ ഹൗസിംഗ് ബോർഡും ഹാബിറ്റാറ്റും കാലതാമസം വരുത്തുന്നതിൽ പ്രതിഷേധിച്ച് വീടുനഷ്ട പ്പെട്ടവർ പഞ്ചായത്ത് ഓഫീസിൽ താമസം തുടങ്ങുകയും പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കാൻ സമ്മതിക്കാതിരിക്കുകയും അവിടത്തെ പഞ്ചാ യത്ത് മെമ്പർമാർ താലൂക്ക് ഓഫീസിനുമുന്നിൽ ധർണ്ണ ഇരിക്കുകയും ചെയ്യുന്ന ഗുരുതരമായ സാഹചര്യത്തിൽ എത്രയുംവേഗം വീടുപണി പൂർത്തീകരിച്ച് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): അഞ്ചുതെങ്ങിൽ 2007-ലുണ്ടായ തീപിടുത്തത്തെത്തുടർന്ന് ഭവന രഹിതരായ 71 പേരുൾപ്പെടെ തീരദേശവാസികളായ 212 പേരെ സുനാമി പുനരധിവാസ ഭവനപദ്ധതിയി ലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് ഭൂമി കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ മണ്ണുറപ്പില്ലാത്തതി നാൽ 30 സെ.മീ. അകലത്തിൽ പൈലിംഗ് നടത്തി ഒറ്റനില വീടുകൾ നിർമ്മിക്കുന്നതാണ് അഭികാമ്യമെന്ന റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നുവൈകുന്നേരം ജില്ലാകളക്ടർ വിളിച്ചിട്ടുള്ള യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(10) ഓട് നിർമ്മാണ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. രാജാജി മാത്യു തോമസ്: പൊതുവിപണിയിൽ നിന്നും മണ്ണെണ്ണ ലഭ്യമാക്കി മേച്ചിലോട് വ്യവസായത്തെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേന്ദ്രസർക്കാർ പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിന് പ്രതിമാസം അനുവദിക്കുന്ന 23,160 കിലോലിറ്റർ മണ്ണെണ്ണ തന്നെ അപര്യാപ്തമായതിനാൽ വ്യാവസായികാവശ്യത്തിന് അനുവദിക്കാൻ നിർവ്വാഹമില്ല. മണ്ണെണ്ണയുടെ നിലവിലുള്ള ക്വാട്ട വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(11) വിലനിലവാരം തുല്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബാബു എം. പാലിശ്ശേരി: കേരളത്തിലെ എ.ആർ.ഡി. ശബരി സ്റ്റോറുകളിലെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം മാവേലി സ്റ്റോറുകളുടേതിന് തുല്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാർക്കറ്റ് ഇടപെടൽ പദ്ധതിയുടെ ഭാഗമായി എല്ലാ നിത്യോപയോഗസാധനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ വിൽക്കുന്നതിനുപുറമെ 6 സാധനങ്ങൾ മാവേലി സ്റ്റോറിലെ വിലനിലവാരത്തിലും 7 സാധനങ്ങൾ അതിനേക്കാൾ നേരിയ വർദ്ധനവിലും തെരഞ്ഞെടുക്കപ്പെട്ട എ.ആർ.ഡി. ശബരി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. മാവേലി സ്റ്റോറിലെ വിലനിലവാരത്തിൽ 13 ഇനങ്ങളും ശബരി

സ്റ്റോറുകളിലൂടെ വിതരണം ചെയ്യണമെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(12) <u>റേഷൻകടക്കാർക്കുള്ള കുടിശ്ശിക</u>

<u>ശ്രീ. പി. വിശ്വൻ:</u> പനിബാധിത കുടുംബങ്ങൾക്ക് സൗജന്യറേഷൻ നൽകിയ ഇനത്തിൽ റേഷൻ കടക്കാർക്ക് നൽകാനുള്ള കുടിശ്ശിക അടിയന്തിരമായി ലഭ്യമാക്കുന്നതിനും കോഴിക്കോട് ജില്ലയിലെ റേഷൻ വിതരണത്തിലെ തടസ്സത്തിന് പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> പനിബാധിത കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകിയ വകയിൽ റേഷൻ കടക്കാർക്ക് കുടിശ്ശികയുണ്ടായിരുന്ന മൂന്നു കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. രണ്ടരക്കോടി രൂപ ഏതാനും ദിവസത്തിനകം വിതരണം ചെയ്യുന്നതാണ്. കോഴിക്കോട് ജില്ലയിലെ റേഷൻ വ്യാപാരികൾ പൊതുവിതരണം തടസ്സപ്പെടുത്താതെ സർക്കാരുമായി സഹകരിക്കേണ്ടതാണ്.

(13) <u>വള്ളക്കടവ് പാലത്തിന്റെ പുനരുദ്ധാരണം</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> ലാൻഡ് അക്വിസിഷൻ നടപടികളും മറ്റും പൂർത്തിയാക്കി വള്ളക്കടവ് പാലത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): വള്ളക്കടവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 500 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനായി ഒരു കോടി രൂപയുടെ പ്രവർത്തന പദ്ധതിയിൽപ്പെടുത്തി 50 ലക്ഷം രൂപയുടെ

അനുമതി നൽകുകയും സ്ഥലമെടുപ്പുനടപടികൾക്കായി തിരുവനന്തപുരം സ്പെഷ്യൽ തഹസീൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(14) <u>മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ നിസ്സഹകരണ സമരം</u>

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടനും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. എം. മുരളി:</u> മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ച് സർക്കാർ എടുത്ത ചില തീരുമാനങ്ങളെത്തുടർന്ന് മെഡിക്കൽ കോളേജ് അദ്ധ്യാപകർ ആരംഭിച്ചിട്ടുള്ള നിസ്സഹകരണ സമരം ആരോഗ്യ വകുപ്പുമന്ത്രി മുൻകൈ എടുത്ത് അദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് അവസാനിപ്പിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ ശമ്പളവും അലവൻസുകളും പരിഷ്ക്കരിച്ചുകൊണ്ടുള്ള ഉത്തരവിനോടൊപ്പം ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിസമയം രാവിലെ 8 മുതൽ വൈകുന്നേരം 4 വരെയാക്കുകയും ടേൺ ഡ്യൂട്ടിയും നൈറ്റ് ഡ്യൂട്ടിയും എമർജൻസി ഡ്യൂട്ടിയും ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. പ്രശ്നങ്ങളുണ്ടെങ്കിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്.

(15) വാർഷിക വരുമാനപരിധി

ശ്രീ. കെ.ടി. ജലീൽ: വിവിധ ക്ഷേമപെൻഷനുകൾക്ക് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനപരിധി 18,000 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വിവിധ ക്ഷേമപെൻഷനുകൾക്ക് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനപരിധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(16) ആയുർവേദ കേന്ദ്രം

ശ്രീ. എ.കെ. ശശീന്ദ്രൻ: കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂരിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ കീഴിൽ ആയുർവേദ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): തലക്കുളത്തൂരിൽ കെ.എച്ച്.ആർ. ഡബ്ള്യൂ.എസ്-ന്റെ കീഴിൽ ആരംഭിക്കുന്ന ആയുർവേദ കേന്ദ്രത്തിന്റെ പ്ലാൻ കേന്ദ്ര ഗവൺമെന്റിന്റെ ആയുഷ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഈ വർഷം തന്നെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(17) ജീവൻ രക്ഷാമരുന്നുകൾ

(ശ്രീ. കെ. ബാബു 15-9-2009-ൽ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി)

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് ഡ്രഗ്സ് പ്രൈസസ്സ് കൺട്രോൾ ഉത്തരവനുസരിച്ച് മരുന്നുകളുടെ വില നിയന്ത്രിക്കുന്നത്.

കാൻസർ, വൃക്കരോഗം, ഹൃദ്രോഗം എന്നിവയ്ക്കുള്ള മരുന്നുകൾക്ക് വിലനിയന്ത്രണം ഇല്ലാത്തതിനാൽ മരുന്നു കമ്പനികളും വിതരണക്കാരും ഇഷ്ടം പോലെ വില ഈടാക്കുകയാണ്. ഈ രോഗങ്ങൾക്കുള്ള മരുന്ന് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മരുന്നു നിർമ്മാതാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജിലെ ആവശ്യകതയ്ക്കനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും കുറച്ച് മരുന്ന് വാങ്ങിയിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായി ഇടപെട്ട് എല്ലാവരുടെയും സഹായത്തോടുകൂടി പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ സഹായം എത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(18) ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഓഫ് പ്രൈവറ്റ് എയ്ഡഡ്/ അൺഎയ്ഡഡ് മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻസ്

ശ്രീ. എ.പി. അനിൽകുമാർ: ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഓഫ് പ്രൈവറ്റ് എയ്ഡഡ്/അൺ എയ്ഡഡ് മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ. ബേബി): ഇതൊരു കേന്ദ്രാവിഷ്ക്കൃത പദ്ധതിയായതിനാൽ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേകതകൾകൂടി കണക്കിലെടുത്തുകൊണ്ട് തീരുമാനങ്ങളെടുക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(19) സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പുതുക്കൽ

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കാസർകോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പുതുക്കിപ്പണിയാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കാസർകോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പുതുക്കുന്നതിന് 168 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കെ.എസ്.ടി.പി.യുടെ ഫെയ്സ് 11-ൽ ഉൾപ്പെടുത്തി ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. നടപടികൾ പൂർത്തിയാക്കി താൽക്കാലിക അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്.

(20) ഒ.ഡി.ആർ, എം.ഡി.ആർ ആക്കി മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട മണ്ഡലത്തിലെ ഒ.ഡി.ആർ വിഭാഗത്തിലേയ്ക്ക് മാറ്റിയ റോഡുകൾ എം.ഡി.ആർ ആക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(21) രവിവർമ്മ ചിത്രങ്ങളുടെ മോഷണം

ശ്രീ. എൻ. രാജൻ: കിളിമാനൂർ കൊട്ടാരത്തിൽ നിന്നും മോഷണം പോയ രാജാരവിവർമ്മ ചിത്രങ്ങളുടെ പകർപ്പുകൾ കണ്ടെത്താനുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇതുസംബന്ധിച്ച് കിളിമാനൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഫിംഗർ പ്രിന്റ് വിദഗ്ദ്ധരുടെയും സയന്റിഫിക് വിദഗ്ദ്ധരുടെയും

ഡോഗ് സ്ക്വാഡിന്റെയും സഹായത്തോടെ അന്വേഷണം നടത്തി വരികയാണ്. അന്വേഷണപുരോഗതി വിലയിരുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(22) <u>വയനാട് ചുരം-ബദൽ റോഡ്</u>

<u>ശ്രീ. ജോർജ് എം. തോമസ്:</u> വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വയനാട് ചുരം-ബദൽ റോഡ് പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്</u>) : ദേശീയപാത 212-ന്റെ ഭാഗമായ വയനാട് താമരശ്ശേരി ചുരം റോഡിൽ ഗതാഗത തടസ്സം ഉണ്ടാകുന്നതിനാൽ പ്രസ്തുത റോഡിൽ ചില്ലിത്തോട് മുതൽ തളിപ്പുഴവരെ സമാന്തര റോഡ് നിർമ്മിക്കുന്നതിന് പ്രാരംഭ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അലൈൻമെന്റ് സർവേ നടത്തി വനഭൂമി ഐഡന്റിഫൈ ചെയ്തതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. കേന്ദ്ര വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയൂ.

(23) <u>തീരദേശ മേഖലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ</u>

<u>ശ്രീ. ജോർജ് മേഴ്സിയർ</u>: ദേശീയ ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കോവളം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ</u> : കേരളത്തിലെ എല്ലാ തീരദേശ വില്ലേജുകളിലും സൈക്ലോൺ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന്

400 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 12 സൈക്ലോൺ ഷെൽട്ടറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കോവളം നിയോജകമണ്ഡലത്തിൽ സൈക്ലോൺ ഷെൽട്ടർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉടൻ സമർപ്പിക്കുന്നതാണ്.

(24) നെല്ലിക്കുർശി സ്കൂളിന് സ്വതന്ത്ര പദവി

ശ്രീ. എം. ഹംസ : ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ച് നെല്ലിക്കുർശി ബ്രാഞ്ച് സ്കൂളിന് സ്വതന്ത്ര പദവി നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഹെഡ്മാസ്റ്റർ തസ്തിക സൃഷ്ടിച്ച് നെല്ലിക്കുർശി ബ്രാഞ്ച് സ്കൂളിന് സ്വതന്ത്ര പദവി നൽകുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

(25) സ്കൂൾതല മേളകൾക്കുള്ള ധനസമാഹരണത്തിന് മാനദണ്ഡം

ശ്രീമതി കെ.കെ. ലതിക : സംസ്ഥാന സ്കൂൾതല മേളകളുടെ നടത്തിപ്പിനുള്ള ധനസമാഹരണത്തിന് മാനദണ്ഡം നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സ്കൂൾ കലോൽസവങ്ങൾ നടത്തുന്നതു സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് നൽകിയിട്ടുണ്ട്. ചെറിയ തോതിൽ സംഭാവന പിരിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(26) കൊല്ലങ്കോട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. വി. ചെന്താമരാക്ഷൻ : കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ പോത്തുണ്ടി ഡാമിലെ വെള്ളം ഉപയോഗപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പോത്തുണ്ടി ഡാമിലെ വെള്ളം ഉപയോഗിച്ച് 1980-ൽ ആരംഭിച്ച കുടിവെള്ള പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(27) സ്പെഷ്യൽ ടീമിനെക്കൊണ്ട് കേസ് അന്വേഷണം

ശ്രീ. വി.എൻ. വാസവൻ : കോട്ടയം ജില്ലയിൽ ഗുണ്ടാ പ്രവർത്തനത്തിന് അറസ്റ്റിലായ ആയി സജിയുടേയും സംഘത്തിന്റേയും കേസ്സുകൾ സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഗുണ്ടാ ലിസ്റ്റിൽപ്പെട്ട കോട്ടയം ഇടപ്പാടിക്കരയിലെ ആയി സജിയേയും സംഘത്തേയും അറസ്റ്റ് ചെയ്യുകയും ഇവരുടെ പേരിലുള്ള കേസ്സുകളുടെ അന്വേഷണം ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനും വിചാരണയിലിരിക്കുന്ന കേസ്സുകൾ കുറ്റമറ്റ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നിരവധി കേസ്സുകളിൽ പ്രതിയായിട്ടുള്ള ചിരട്ടപ്പൂൾ സജിയെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കേസന്വേഷണത്തിനായി ഒരു പ്രത്യേക ടീം രൂപീകരിച്ചി

ട്ടുണ്ട്. കേസന്വേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(28) <u>മലയാള സർവ്വകലാശാല</u>

<u>പ്രൊഫ. എൻ. ജയരാജ്</u> : മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി മലയാള സർവ്വകലാശാല ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ ബേബി)</u> : മലയാള ഭാഷയും സാഹിത്യവും പഠിപ്പിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും കൂടുതൽ ഊന്നൽ നൽകാൻ ആവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഇതിനുവേണ്ടി ഒരു സർവ്വകലാശാല ആരംഭിക്കണമെന്നുള്ള നിർദ്ദേശം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(29) <u>അഞ്ചൽ 66 കെ.വി. സബ്സ്റ്റേഷൻ</u>

<u>ശ്രീ. കെ. രാജു</u> : മൂന്നു വർഷം മുമ്പ് ആരംഭിച്ച അഞ്ചൽ 66 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u> : വർക്ക് അവാർഡുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാകുന്ന മുറയ്ക്ക് അഞ്ചൽ 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം പുനരാരംഭിക്കുന്നതാണ്.

(30) കാലവർഷക്കെടുതിക്കുള്ള കേന്ദ്രസഹായം

ശ്രീ. പള്ളിപ്രം ബാലൻ : സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കേന്ദ്രഗവൺമെന്റിൽനിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കേന്ദ്രഗവൺമെന്റ് കൂടുതൽ ധനസഹായം ലഭ്യമാക്കണമെന്ന ആവശ്യം ശക്തമായി ഉന്നയിച്ചുവരികയാണ്. ഇടി, മിന്നൽ, കടലാക്രമണം എന്നിവകൂടി പ്രകൃതി ദുരന്തത്തിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കണമെന്ന് പതിമൂന്നാം ധനകാര്യ കമ്മിഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷം മുതൽ പ്രകൃതിക്ഷോഭത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ചു നൽകാൻ ഉത്തരവായിട്ടുണ്ട്.

(31) കുഞ്ഞുണ്ണിമാഷിന് സ്മാരകം

ശ്രീ. ടി.എൻ. പ്രതാപൻ: കുഞ്ഞുണ്ണി മാഷിന് സ്മാരകം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കുഞ്ഞുണ്ണിമാഷിന് സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ പണവും അഞ്ച് സെന്റ് സ്ഥലവും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഒരു കമ്മിറ്റി രൂപീകരിച്ച് സ്മാരക നിർമ്മാണത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(32) <u>കരം സ്വീകരിക്കാൻ നടപടി</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : ദേവികുളം താലൂക്കിൽ റീ-സർവ്വേ നടപടികൾ അനന്തമായി നീണ്ടുപോകുന്നതുകൊണ്ടും കരം സ്വീകരിക്കാത്തതുകൊണ്ടും കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: ദേവികുളം താലൂക്കിലെ 12 വില്ലേജുകളിൽ കണ്ണൻ ദേവൻ ഹിൽസ് ഒഴികെയുള്ള വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സെക്ഷൻ 9 (2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചത് സംബന്ധിച്ച് നിലനിൽക്കുന്ന സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതാണ്. പട്ടയ പുന:പരിശോധനയിൽ യോഗ്യമെന്ന് കണ്ടെത്തിയ കേസ്സുകളിൽ പഴയ റിക്കോർഡ് പ്രകാരം കരം സ്വീകരിക്കുന്നുണ്ട്. കെ.ഡി.എച്ച്. ഒഴികെയുള്ള വില്ലേജുകളിൽ റീ-സർവ്വേയിൽ ഉൾപ്പെട്ട തണ്ടപ്പേർ കക്ഷികളിൽ നിന്നും നികുതി സ്വീകരിച്ചുവരുന്നുണ്ട്. റീ-സർവ്വേയിൽ ഉൾപ്പെടാത്ത കക്ഷികളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് സർവ്വേയർ മുഖേന പരിശോധന നടത്തി റിക്കോർഡുകൾ തയ്യാറാക്കിയും സർവ്വേ വകുപ്പിന്റെ അംഗീകാരത്തോടെ തണ്ടപ്പേരിൽ ഉൾപ്പെടുത്തിയും കരം സ്വീകരിച്ചുവരുന്നു. റീ-സർവ്വേ സംബന്ധിച്ച പരാതിയുള്ളവർക്ക് ജനകീയ സർവ്വേ അദാലത്തിൽ പരിഹാരം തേടാവുന്നതാണ്.

(33) <u>അദ്ധ്യാപകരുടെ പിരിച്ചുവിടൽ</u>

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്:</u> കോഴിക്കോട് സർവ്വകലാശാലയിലെ രജിസ്ട്രാറേയും 8 അദ്ധ്യാപകരേയും പിരിച്ചുവിട്ട സിൻഡിക്കേറ്റിന്റെ

നടപടി ഗവർണ്ണർ റദ്ദുചെയ്തിരിക്കുകയാണ്. ഗവർണ്ണറുടെ തീരുമാനം വന്നശേഷംമാത്രമേ ഇക്കാര്യത്തിൽ നടപടിയെടുക്കാവുയെന്ന കോടതിയുടെ തീരുമാനത്തെ മറികടന്നുകൊണ്ടാണ് അദ്ധ്യാപകരെ പിരിച്ചുവിട്ടത്. യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ സ്ഥിര നിയമനത്തിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> രജിസ്ട്രാർ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി എന്ന ആക്ഷേപം അന്വേഷണത്തിൽ തെളിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് നിർബന്ധിത വിരമിക്കലിന് തീരുമാനമെടുത്തത്. 8 അദ്ധ്യാപകരുടെ നിയമനം നിയമവിരുദ്ധമാണെന്ന് സിൻഡിക്കേറ്റിന്റെ സബ്കമ്മിറ്റി കണ്ടെത്തുകയും ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ പിരിച്ചുവിടാനും നിലനിന്നിരുന്ന മാനദണ്ഡങ്ങൾ പാലിച്ച് വീണ്ടും ഇന്റർവ്യൂ നടത്തുന്നതിനും പിന്നോക്ക സമുദായക്കാർക്ക് സംവരണം ചെയ്ത തസ്തികയിൽ മറ്റ് സമുദായക്കാരെ നിയമിച്ച നടപടി റദ്ദാക്കാനും തീരുമാനിച്ചു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് എടുത്ത നടപടി ചാൻസിലർ സ്റ്റേ ചെയ്തിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

**ക്രമപ്രശ്നം**

<u>ഒരേ ചോദ്യത്തിന് വ്യത്യസ്ത മറുപടി</u>

<u>ശ്രീ. വി.ഡി. സതീശൻ</u>: 09-09-2009-നുള്ള നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യത്തിന് വിശദമായ മറുപടിയും അതേവിഷയത്തെക്കുറിച്ചുള്ള നക്ഷത്രചിഹ്നമിടാത്ത 189-ാം നമ്പർ ചോദ്യത്തിന് പരിഗണനയിലില്ല എന്ന മറുപടിയുമാണ് ലഭിച്ചിരിക്കുന്നത്. ഒരേചോദ്യങ്ങൾക്ക് വ്യത്യസ്തങ്ങളായ മറുപടി നൽകുന്നത് അംഗങ്ങളുടെ അവകാശത്തിന്മേലുള്ള ലംഘനമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): 7-9-2009-ന് വന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 8-9-2009-നുതന്നെ കൊടുത്തു. അതിനുശേഷം ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് കൂടുതൽ ചർച്ച നടത്തിയശേഷമാണ് നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് മറുപടി നൽകിയത്. തിരുത്തിയ ഉത്തരം സഭയിൽ കൊണ്ടുവരേണ്ടതായിരുന്നു. ഈ വീഴ്ച സർക്കാർ ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഉത്തരങ്ങൾ നൽകുമ്പോൾ ഇങ്ങനെ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

**നിയമനിർമ്മാണകാര്യം**

(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) <u>2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ</u>

(ii) <u>2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ വനിതകൾക്ക് 50 ശതമാനം സംവരണം നൽകുന്നത് കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന നിയമത്തിന്റെ ചുവടുപിടിച്ചാണ്. സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-വിദ്യാഭ്യാസ മേഖലകളിൽ മുന്നിൽ നിൽക്കുന്ന വനിതകൾ മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉന്നത പദവികളിൽ തെരഞ്ഞെടുക്കപ്പെട്ടുവന്നതെന്നാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠനം വ്യക്തമാക്കുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വനിതകൾക്കുകൂടി അർഹമായ പ്രാതിനിധ്യം കിട്ടത്തക്ക രീതിയിലുള്ള നിയമനിർമ്മാണം വേണം. 50 ശതമാനം സംവരണത്തിനു പുറമെ ജനറൽ സീറ്റിലും പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിലും ജയിച്ചു വരുന്നത് വനിതകളാണെങ്കിൽ പുരുഷൻമാരുടെ പ്രാതിനിധ്യം കുറയാനിടയുണ്ട്. ഇതൊഴിവാക്കാൻ തെരഞ്ഞെടുപ്പിന് ആറ് മാസം മുമ്പെങ്കിലും ഇലക്ഷൻ കമ്മിഷൻ സംവരണ വാർഡുകൾ വിജ്ഞാപനം ചെയ്യണം. വാർഷിക

വാടകയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിരുന്ന കെട്ടിട നികുതി തറവിസ്തീർണ്ണം കണക്കാക്കി നിശ്ചയിക്കുന്നത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കും. സ്വന്തം വീട് നശിച്ചുപോകാതിരിക്കാൻ വാടക ക്കാരനെ ഏൽപ്പിച്ചാൽ അതിന് വർദ്ധിപ്പിച്ച നികുതി ഈടാക്കുന്ന വ്യവസ്ഥ ഒഴിവാക്കണം. വാർഷിക വസ്തു നികുതിക്കെതിരെ അപ്പീൽ നൽകാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാക്കാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും അപ്പലേറ്റ് ട്രൈബ്യൂണലിനുംകൂടി നൽകാനുള്ള വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തണം. നികുതിയിൽ നിന്നൊഴിവാക്കുന്ന പട്ടികയിൽ മാരകരോഗങ്ങൾക്കുള്ള ആശ്വാസകേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, സൗജന്യ കിഡ്നി ഡയാലിസിസ് ചെയ്യുന്ന കേന്ദ്രങ്ങൾ, സന്നദ്ധസംഘടന കൾ നിർമ്മിക്കുന്ന വീടുകൾ എന്നിവയെക്കൂടി ഉൾപ്പെടുത്തണം. ഗ്രാമ പഞ്ചാ യത്തിൽ നിക്ഷിപ്തമായ ജലാശയത്തിലോ, ജലസ്രോതസ്സിലോ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കേസ്സിൽനിന്നല്ലാതെ ജാമ്യം ലഭിക്കില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് ഗുണകരമാണ്. വാർഡ് വിഭജനം അത്യന്താപേക്ഷി തമാണ്. പുനർവിഭജനം കൂടുതൽ സുതാര്യമാക്കാൻ ഇലക്ഷൻ കമ്മീഷനെ ഇതിന്റെ ചുമതല ഏൽപ്പിക്കണം. ഒരേ വോട്ടേഴ്സ് ലിസ്റ്റ് വച്ച് സംസ്ഥാ നത്തെ തെരഞ്ഞെടുപ്പുകൾ നടത്താൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ ജില്ല തിരിച്ചുള്ള സർവ്വേ പൂർത്തിയാക്കണം. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ചെറുകിട കർഷകർക്ക് കൃഷി ഭൂമിയിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തണം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ കേരളത്തിന് അനുകൂലമായ രീതിയിൽ നിശ്ചയിച്ച്

കർഷകരുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചാൽ കേരളത്തെപ്പോലുള്ള സംസ്ഥാനത്തിന് കർഷകമുന്നേറ്റത്തിന് വഴിയൊരുക്കാൻ കഴിയും. കേന്ദ്ര-സംസ്ഥാന ബന്ധം ശക്തിപ്പെടുത്തണം.

ശ്രീ. കെ. ശിവദാസൻ നായർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ത്രിതല പഞ്ചായത്തുകൾക്ക് അധികാരം കൈമാറുകയും വനിതാ സംവരണം കൊണ്ടുവരികയും ചെയ്യാനുള്ള 64-ാമത് ഭരണഘടനാ ഭേദഗതി ആദ്യമായി കോൺഗ്രസ്സ് ഗവൺമെന്റ് പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ടവർ അതിനെ എതിർക്കുന്ന നിലപാട് സ്വീകരിച്ചതുകൊണ്ടാണ് പാസ്സാകാതെ പോയത്. പിന്നീട് ചില വകുപ്പുകൾ ഒഴിവാക്കിക്കൊണ്ട് സമവായത്തിലൂടെയാണ് ആ ബിൽ നിയമമാക്കിയത്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള ഫണ്ട് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് ചെലവാക്കാതെ ദുർവിനിയോഗം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കണം. എം.ഡി.ആർ, ഒ.ഡി.ആർ, പഞ്ചായത്ത് റോഡുകളെക്കുറിച്ച് വ്യക്തമായ രൂപരേഖ ഉണ്ടാകണം. വില്ലേജ് റോഡ് ഉൾപ്പെടെയുള്ള റോഡുകൾ എം.ഡി.ആർ. ആക്കുന്നതിൽ അഴിമതി നടക്കുന്നുണ്ട്. റോഡുകളുടെ മെയിന്റനൻസിന് ആവശ്യമായ തുക അനുവദിക്കണം. പദ്ധതി പ്രവർത്തനങ്ങളിലെ നിയന്ത്രണങ്ങളും പരസ്പര വിരുദ്ധമായ സർക്കുലറുകളും കാരണം യഥാസമയം വർക്കുകളുടെ ഇംപ്ലിമെന്റേഷൻ നടക്കുന്നില്ല. ഇതൊഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. 11-ാം പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ വ്യക്തതയുണ്ടായിരിക്കണം. ബ്ലോക്ക് പഞ്ചായത്തിന്റേയും ഗ്രാമ പഞ്ചായത്തിന്റേയും പ്ലാൻ ഫണ്ടിൽനിന്നും 75 ശത

മാനവും നിശ്ചിത ആവശ്യത്തിന് മാറ്റിവയ്ക്കണമെന്ന് ഗവൺമെന്റ് പറയുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിക്ക് ചെലവഴിക്കാൻ കിട്ടുന്നത് കേവലം 25 ശതമാനം മാത്രമാണ്. പശ്ചാത്തല മേഖലയ്ക്കുള്ള വിഹിതം 30 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറച്ചതുകൊണ്ട് വഴിവിളക്ക്, റോഡ് തുടങ്ങിയ സൗകര്യങ്ങൾക്ക് പഞ്ചായത്ത് അംഗങ്ങൾ സ്വന്തമായി പണം കണ്ടെത്തേണ്ടതുണ്ട്. അക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമുണ്ടാകണം. ഉൽപ്പാദന മേഖലയ്ക്ക് 40 ശതമാനം ഫണ്ട് നീക്കിവയ്ക്കണമെന്ന് പറയുമ്പോൾ തന്നെ പ്രാദേശികമായി അതിൽ ചില വ്യത്യാസങ്ങൾ വരുന്നുണ്ട്. സംസ്ഥാന അടിസ്ഥാനത്തിൽ ഉണ്ടാക്കിയ നോംസിന് പ്രാദേശികാടിസ്ഥാനത്തിൽ വ്യത്യാസം വരുത്താൻ കഴിയുന്നില്ല. പ്ലാൻ സ്കീം പൂർത്തിയാക്കി ഇംപ്ലിമെന്റ് ചെയ്യാനുള്ള സമയം വളരെ കുറവായതുകൊണ്ട് പഞ്ചായത്തുകൾക്ക് അലോട്ട് ചെയ്യുന്ന പണം യഥാസമയം ചെലവഴിക്കാൻ കഴിയാതെ പോകുന്നതുകൊണ്ട് ഗുണഭോക്താക്കൾക്ക് സ്കീമുകളുടെ പ്രയോജനം കിട്ടുന്നില്ല. ഇത്തരം കാര്യങ്ങളിൽ തുടർ നടപടികളുണ്ടാകണം. കെട്ടിട നികുതി വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനുപകരം പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് നല്ലതാണെങ്കിലും അതിൽ പ്രഥമ, ദ്വിതീയ, ത്രിതീയ എന്നീ മേഖലകളാക്കി തരംതിരിക്കുന്നത് അശാസ്ത്രീയമാണ്. സോൺ തിരിക്കുമ്പോൾ ഒരേ റോഡിന്റെ രണ്ടു സൈഡിലായി വരുന്ന വീടുകൾക്ക് വ്യത്യസ്ത ടാക്സ് ഈടാക്കേണ്ടി വരും. അതുകൊണ്ട് കെട്ടിടത്തിന്റെ ടാക്സ് നിശ്ചയിക്കുന്നതിന് കറച്ചുകൂടി ലളിതമായ രീതി അവലംബിക്കണം. ഫാം ഹൗസുകൾ, ആറ് കന്നുകാലികളിൽ കൂടുതലുള്ള തൊഴുത്തുകൾ ഇതിനെയൊക്കെ കമേഴ്സ്യലായി കണ്ടു

കൊണ്ട് നികുതി ഈടാക്കുന്ന രീതി പുന:പരിശോധിക്കണം പഞ്ചായത്തുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കണം. രണ്ട് പഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനിയർ എന്നുള്ള സ്ഥിതിക്ക് മാറ്റമുണ്ടാകണം. സ്പോട്ട് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും അറ്റന്റഡൻസ് രജിസ്റ്റർ നിർബ്ബന്ധമാക്കണം. അസിസ്റ്റന്റ് എഞ്ചിനിയർ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ എന്നിവരുടെ അറ്റന്റൻസ് രജിസ്റ്റർ പഞ്ചായത്ത് സെക്രട്ടറി സൂക്ഷിക്കുന്ന സംവിധാനം ഉണ്ടാകണം. എനർജി മിഷനുവേണ്ടി അനർട്ടിൽ പണം അടച്ച പഞ്ചായത്തുകൾ എക്സ്പെന്റിച്ചർ കാണിച്ചതല്ലാതെ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. അതിനെക്കുറിച്ച് പരിശോധിക്കണം. റിട്ടയർ ചെയ്യുന്നതിന് കുറച്ച് മാസങ്ങൾക്കുമുൻപ് മാത്രം നഗരസഭയിൽ ഡെപ്യൂട്ടേഷനിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭ കൊടുക്കണമെന്ന വ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കണം. നോൺ റോഡ്സ് മെയിന്റനൻസ് ഗ്രാന്റ് മുനിസിപ്പാലിറ്റിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുകിട്ടിയ അസറ്റുകളുടെ മെയിന്റനൻസിനു മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധനയിൽ മാറ്റം വരുത്തി പഞ്ചായത്തുകളുടെ അസറ്റിന്റെ മെയിന്റനൻസിനു വേണ്ടി കൂടി ഉപയോഗിക്കുന്നതിന് അനുമതി ഉണ്ടാകണം. പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിനോ വാട്ടർ അതോറിറ്റിക്കോ എന്തെങ്കിലും കുടിശ്ശിക കൊടുക്കാനുണ്ടെങ്കിൽ അത് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് കൊടുക്കുന്നത് പല പഞ്ചായത്തുകൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയും ഇലക്ട്രിസിറ്റി ബോർഡും മുനിസിപ്പാലിറ്റികളിൽനിന്നും ഗ്രാമപഞ്ചായത്തുകളിൽനിന്നും ഈടാക്കുന്ന ചാർജ് വെരിഫൈ ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. വാട്ടർ കണക്ഷനും

ഇലക്ട്രിസിറ്റി കണക്ഷനും വിച്ഛേദിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ വകുപ്പുകൾ തമ്മിൽ ധാരണയുണ്ടാക്കാനുള്ള നടപടി ഉണ്ടാകണം.

ശ്രീ. പി. കൃഷ്ണപ്രസാദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലോക്കൽ സെൽഫ് ഗവൺമെന്റുകളുടെ പ്രവർത്തനത്തിൽ മാറ്റങ്ങളുണ്ടാക്കുന്ന നിരവധി കാര്യങ്ങൾ ഈ ബില്ലിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സീറ്റ് സ്ത്രീകൾക്ക് നീക്കിവയ്ക്കുന്നു എന്നുള്ളത് ഈ ബില്ലിന്റെ ഒരു സവിശേഷതയാണ്. കേന്ദ്ര ഗവൺമെന്റ് 50 ശതമാനം സംവരണം കൊടുക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചെങ്കിലും ഇതേവരെ പ്രാബല്യത്തിലായിട്ടില്ല. സ്ത്രീകൾക്ക് ഇത്രയും പ്രാതിനിധ്യം കൊടുക്കുന്നത് ഭരണത്തിന്റെ കാര്യക്ഷമതയെ ബാധിക്കുമെന്ന അഭിപ്രായം ശരിയല്ല. മധ്യപ്രദേശ് ഉൾപ്പെടെയുള്ള നാല് സംസ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഇപ്പോൾത്തന്നെ 50 ശതമാനത്തിൽ കൂടുതലുണ്ട്. അവരൊക്കെത്തന്നെ സവർണ്ണ വിഭാഗത്തിലുള്ളവരാണെന്നുള്ളത് വസ്തുതയാണ്. 50 ശതമാനം വനിതാ റിസർവേഷനിൽ ജാതിസംവരണം വേണമെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. സ്ത്രീകളും പുരുഷന്മാരും തുല്യമായി അദ്ധ്വാനിച്ച് ജീവിക്കുന്ന ഒരു സമൂഹത്തിൽ മാത്രമേ സ്ത്രീകൾക്ക് സ്വതന്ത്രമായി നിയമ നിർമ്മാണ പ്രവർത്തനങ്ങളിലുൾപ്പെടെ പങ്കാളിയാകാൻ കഴിയുകയുള്ളൂ. പങ്കാളിത്തത്തിലും അവസരങ്ങളിലും സ്ത്രീകൾക്കുള്ള തുല്യതയിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമാണ് ഈ ബിൽ. സ്ത്രീകളുടെ പിന്നോക്കാ

വസ്ഥ പരിഹരിക്കണമെങ്കിൽ സ്ത്രീകൾതന്നെ മുൻകൈയെടുക്കണം. സമൂഹത്തിലെ സ്വതന്ത്രരായ വ്യക്തികളെന്ന നിലയിൽ ഒരു കുടുംബത്തിലെ ആണും പെണ്ണും കൂട്ടുത്തരവാദിത്വത്തോടുകൂടി നിർവഹിക്കേണ്ട കാര്യങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്ന സ്ഥിതിക്ക് മാറ്റം വരുത്തണം. ജനകീയാസൂത്രണത്തിന്റെ ഭാഗമായി അധികാരം താഴെത്തട്ടിലേക്ക് കൈമാറുക എന്ന ഉദ്ദേശത്തോടുകൂടി 40 ശതമാനത്തോളം ബഡ്ജറ്റ് വിഹിതം പഞ്ചായത്തുകളെ ഏൽപ്പിച്ചതും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്ന കുടുംബശ്രീ സംവിധാനം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. പഞ്ചായത്തുകൾക്ക് പുതിയ റോഡുകൾ പണിയാനും മെയിന്റനൻസ് നടത്താനും ആവശ്യമായ വിഹിതം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കാനും പഞ്ചായത്തുകളുടെ ധനാഗമ സ്രോതസ്സുകൾ മെച്ചപ്പെടുത്താനും കഴിയണം. കെട്ടിട നികുതി, വിനോദ നികുതി എന്നിവ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം കൊടുക്കുന്നതിന് ഇൻസെന്റീവ് നൽകുന്ന സമീപനം പ്രയോജനകരമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തനത് ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടിയുണ്ടാകണം. തദ്ദേശ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വങ്ങൾ നൽകി ധനാഗമ മാർഗ്ഗങ്ങൾ ഉറപ്പുവരുത്തണം. അപ്പീൽ കൊടുക്കാനുള്ള തീരുമാനം ഭരണസമിതിക്ക് നൽകണം. പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലെ ഭരണ സമിതികളിലെ ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണത്തിന്റെ ഭാഗമായി ചുരുങ്ങിയ ശിക്ഷാ നടപടികൾ ഉൾപ്പെടെ എടുക്കുന്നതിന് നിലവിലുള്ള സർവീസ് റൂളിലും കോൺഡക്ട് റൂളിലും ഭേദഗതി വരുത്തണം. ഗ്രാമീണ മേഖലയിലുള്ള കെട്ടി

ടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഒരു നിശ്ചിത പരിധിക്കപ്പുറത്ത് പോകാതിരിക്കാനുള്ള ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കണം; നികുതിക്ക് സ്ലാബ് അടിസ്ഥാനത്തിൽ പരിധി നിശ്ചയിക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിലെ ചില ഭേദഗതികൾ ആവശ്യമില്ലാത്തതും പാസ്സാക്കേണ്ട അടിയന്തിര പ്രാധാന്യമില്ലാത്തതുമാണ്. രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടുള്ള വാർഡു വിഭജനം നടത്താനാണ് ഉദ്ദേശിക്കുന്നത് കേന്ദ്ര ഗവൺമെന്റ് ഭരണഘടനാ ഭേദഗതിയിലൂടെ സ്ത്രീസംവരണത്തിനാവശ്യമായ ഭേദഗതി കൊണ്ടുവരുമെന്നതിനാൽ സംസ്ഥാന ഗവൺമെന്റ് ധൃതിപിടിച്ച് ഇത്തരം ഒരു നിയമം കൊണ്ടു വരേണ്ട ആവശ്യമില്ലായിരുന്നു. കേന്ദ്രം കൊണ്ടുവരുന്ന ഭേദഗതിക്കനുസൃതമല്ലെങ്കിൽ ഈ നിയമം നിലനിൽക്കില്ല. പഞ്ചായത്ത് ആക്റ്റിലെ വസ്തു നികുതി പിരിക്കുന്നതിനുള്ള വകുപ്പിന് പകരം വ്യവസ്ഥകൾ നിർദ്ദേശിച്ചിരിക്കുന്നതാണ് ഈ ബില്ലിലെ മറ്റൊരു ഭേദഗതി. ഇതിൽ വാർഷിക വാടകയുടെ വകുപ്പ് മാത്രമാണ് മാറ്റേണ്ടത്. ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതിനുശേഷമായിരിക്കണം വസ്തു നികുതി പിരിക്കേണ്ടത്. കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത ടാക്സ് നിർണ്ണയത്തിനുള്ള ഒരു മാനദണ്ഡമാക്കാൻ പാടില്ല. ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന ടാക്സ് വർദ്ധനവ് ഒഴിവാക്കണം. 16-ാം വകുപ്പിൽ 'നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കൽ' എന്നുള്ളതിൽ "മതബന്ധ

സ്ഥാപനങ്ങൾക്ക്" എന്നുകൂടി ഉൾപ്പെടുത്തണം. വസ്തു നികുതിയിന്മേലുള്ള സർച്ചാർജ്ജ് പഴയതുപോലെ നിലനിർത്തണം. ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നവരെ പിന്തിരിപ്പിക്കാൻ ബോധവൽക്കരണം നടത്തണം. പഞ്ചായത്തി രാജ് പുന:സ്ഥാപനത്തിന്റെ കാര്യത്തിലും ജനകീയാസൂത്രണം നടപ്പാക്കുന്ന കാര്യത്തിലും മാറിമാറിവന്ന ഗവൺമെന്റുകൾ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം ഇപ്പോഴും വളരെ പിന്നിലാണ്. സംസ്ഥാന ഗവൺമെന്റുകളുടെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ഒരു വികസന ഏജൻസി എന്നതിനപ്പുറം ഇപ്പോൾ പഞ്ചായത്തുകൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. സ്വതന്ത്ര ഘടകമാക്കി പഞ്ചായത്തുകളെ ശക്തമാക്കണം. ജില്ലാ കൗൺസിൽ പുനരുജ്ജീവിപ്പിക്കണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വനിതാസംവരണത്തിന്റെ പേരിൽ വലിയതോതിൽ നികുതി വർദ്ധിപ്പിക്കാനുള്ള ഒരു രഹസ്യ അജണ്ടയാണ് ഈ നിയമനിർമ്മാണത്തിന് പിന്നിലുള്ളത്. വനിതാസംവരണത്തോട് യോജിക്കുന്നു. ഭരണഘടനയനുസരിച്ച് നികുതി പിരിക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ പഞ്ചായത്തുകൾക്കുള്ള വരുമാനമെന്ന പേരിൽ വലിയതോതിലുള്ള നികുതി വർദ്ധനവ് ജനങ്ങളുടെമേൽ അടിച്ചേല്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. 19-ാം വകുപ്പനുസരിച്ച് സർക്കാ

രിന് ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണെന്നുപറയുന്നതുവഴി നിയമസഭയുടെ അധികാരം കവർന്നെടുക്കുകയാണ് ചെയ്യുന്നത്. ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നഗരസഭകളും പഞ്ചായത്തുകളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവശ്യമായ സ്കീമുകൾ തയ്യാറാക്കുകയും മാലിന്യസംസ്ക്കരണത്തിന് ചെറിയ ചെറിയ പ്ലാന്റുകൾ ബ്ലോക്ക്, വില്ലേജ് അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും വേണം. ബ്ലോക്ക് പഞ്ചായത്തിലെ എൻജിനീയറിംഗ് ഉദ്യോഗസ്ഥരെ പഞ്ചായത്തിലേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടും അവർ ജോലിക്ക് ഹാജരാകാത്തതിന്റെ ഫലമായി വികസനപ്രവർത്തനങ്ങളിലുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കണം. ത്രിതല പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. വികസനത്തിന്റെ ഗുണഫലങ്ങൾ ജനങ്ങളിൽ യഥാസമയം എത്തിക്കണം.

ശ്രീ. എം. എം. മോനായി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്ത്രീകളുടെ അന്തസ്സ് ഉയർത്തുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ ബില്ലിലെ 84 (എ) വകുപ്പിനെ സംബന്ധിച്ച് കൂടുതൽ വ്യക്തതയുണ്ടാകണം. 90-ാം വകുപ്പിൽ സ്ഥാനാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റും ജാതി സംബന്ധിച്ച സത്യപ്രസ്താവനയും വേണമെന്ന വ്യവസ്ഥ പുന:പരിശോധിക്കണം. വകുപ്പ് 169 (3) ന്റെ വിശദീകരണത്തിൽ 176 വിട്ടു കളയുന്നത് ശരിയല്ല. 230-ാം വകുപ്പ് കുറച്ചു കൂടി ക്ലാരിഫൈ ചെയ്യണം. 233-ാം വകുപ്പിൽ ''നിർണ്ണ

യിക്കപ്പെട്ടതുപ്രകാരമുള്ള പിഴ'' എന്നത് ഒഴിവാക്കണം. വകുപ്പ് 233-ൽ 17-ാം ഉപവകുപ്പ് ആ രീതിയിൽ നിലനിർത്തണമോ എന്നത് പരിശോധിക്കണം. 321-ാം വകുപ്പ് പൊതുവായ കക്കൂസ് സ്ഥാപിക്കണം എന്നു പറയുന്ന ക്ലാസ്സ് നിലനിർത്തിക്കൊണ്ട് വേണം മറ്റ് കൂട്ടിച്ചേർക്കലുകൾ വരുത്തേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനു ദ്ദേശിച്ചുകൊണ്ടുള്ള, സ്ത്രീ ശാക്തീകരണത്തിനു വഴിതെളിക്കുന്ന നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഈ ബില്ലിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ബില്ലുകളുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ ബില്ലിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ വരുത്തുന്നതുമാണ്. സ്ത്രീകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്തുക, തറ വിസ്തീർണ്ണത്തിന്റെയും കെട്ടിടം നിൽക്കുന്ന പ്രദേശത്തിന്റെയും പ്രത്യേകതയുടെ അടിസ്ഥാനത്തിൽ നികുതി നിരക്ക് നിർണ്ണയിക്കുക, സമഗ്രമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുക എന്നിവയാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പ്രവർത്തനമാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ഭൂരിപക്ഷം പഞ്ചായത്തുകളും തങ്ങൾക്ക് കിട്ടിയിട്ടുള്ള അധികാരത്തിന്റേയും സമ്പത്തിന്റേയും സ്ഥിതി വച്ചു കൊണ്ട് ജനപങ്കാളിത്തത്തോടുകൂടി വളരെ മെച്ചപ്പെട്ട രീതിയിൽ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം വർഷാവസാനം രണ്ടുമൂന്നു മാസങ്ങളിലായി

വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന രീതിയിൽ മാറ്റം വരുത്തി വർഷാരംഭത്തിൽത്തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. ഇനിയും പദ്ധതി പ്രവർത്തനത്തിന്റെ വേഗത കൂട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കു ന്നതാണ്. മുൻകാലത്തെ അപേക്ഷിച്ച് ഭൂരിപക്ഷം പഞ്ചായത്തുകളും പദ്ധതി വിഹിതം ലാപ്സ് ആക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി പണം തിരിച്ചുപിടിക്കുന്ന ഏർപ്പാടും ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്താൻ സഹായകരമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നട ത്തിപ്പിന്റെ പ്രധാനപ്പെട്ട ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്കൂടി ഉപയോഗപ്പെടുത്തിയാണ് കേന്ദ്രാ വിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട ഫണ്ട് യുക്തമായി ചെലവഴിക്കുന്നതിനുള്ള സ്വാതന്ത്ര്യം വേണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ആവശ്യമായ ഷെയർ നീക്കിവ യ്ക്കണമെന്നുള്ളതുകൊണ്ട് ആ സ്വാതന്ത്ര്യം പരിമിതപ്പെട്ടുപോകുകയാണ്. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഈ ബില്ലിലൂടെ ഉറപ്പാക്കുകയാണ്. ജില്ലാസൂത്രണ സമിതികളിലും സംസ്ഥാന വികസന സമിതികളിലും 50 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യുകയാണ്. സംസ്ഥാന ജില്ലാസൂത്രണ സമിതി കളിൽ ഓരോ സീറ്റ് വീതം പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്യുകയാണ്. സ്ത്രീ സംവരണം വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാന ത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം എന്നിവ പഞ്ചായത്തുകളുടെ

പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട മേഖലകളായി മാറുന്നതിന്റെ അടിസ്ഥാന ത്തിൽ ഈ കാര്യങ്ങൾക്കായി പ്രത്യേക സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നിയമം ലംഘിക്കുന്നവർക്കെതിരെ ജാമ്യമില്ലാത്ത തരത്തിൽ കഠിനശിക്ഷ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കാനും സമൂഹത്തിൽ എല്ലാ തലങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാനും ഈ നിയമംവഴി കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. സ്ത്രീ ശാക്തീകരണത്തെ ഒരു പടികൂടി മുന്നോട്ടു കൊണ്ടുപോകാൻ സഹായകരമായ ഒരു നിയമനിർമ്മാണമാണിത്. ഈ ബില്ല് ഐകകണ്ഠ്യേന പാസ്സാക്കിത്തരണം.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ പഞ്ചാ യത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

113, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3-ാം വകുപ്പ്</u>

125, 126, 127, 129, 130, 134, 137, 140, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>4-ാം വകുപ്പ്</u>

148, 149, 155, 156, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5-ാം വകുപ്പ്

161, 164, 166, 173 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(175) പ്രധാന ആക്റ്റിലെ 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ള ഖണ്ഡം 6-ന്റെ (1)-ഉം (2)-ഉം ഉപഖണ്ഡങ്ങൾക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്-

"(3) (ജെ) ഖണ്ഡത്തിൽ "അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിലേയ്ക്കോ" എന്ന വാക്കുകൾക്കു പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്."

180, 181, 183, 184, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

184-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(184) ഖണ്ഡം 6(1) പ്രകാരം പ്രധാന ആക്റ്റിലെ 34-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന (എഎ) ഖണ്ഡത്തിൽ "ചെയ്യുന്നുവെങ്കിലും" എന്ന വാക്കിനു പകരം "ചെയ്യുന്നുവെങ്കിൽ" എന്ന വാക്കു ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(188) പ്രധാന ആക്റ്റിലെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, ഖണ്ഡം 7 ഉപഖണ്ഡം (2) പ്രകാരം, (എഫ്) ഖണ്ഡത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ (i)-ാം ഇനത്തിന്റെ അവസാനം "ചേർക്കേണ്ടതാണ്" എന്ന വാക്കിനു പകരം "പഞ്ചായത്തിന്റെ" എന്ന വാക്കിനുപകരം "തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ എന്ന വാക്കുകളും" ആ പഞ്ചായത്തുമായി "എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനവുമായി" എന്ന വാക്കു കളും ചേർക്കേണ്ടതാണ്"- എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതും അപ്രകാരം ഭേദഗതി ചെയ്യപ്പെട്ട (2)-ാം ഉപഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്-

"(3) (ജെ) ഖണ്ഡത്തിൽ "അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തി ലേയ്ക്കോ" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനത്തി ലേയ്ക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

189, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

9-ാം വകുപ്പ്

194, 196, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

10-ാം വകുപ്പ്

200-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

11-ാം വകുപ്പ്

208-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(208.) ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 145 എ(1)-ൽ "കച്ചവടസ്ഥാപനത്തിലോ" എന്ന വാക്കുകൾക്കു പകരം " വാണിജ്യസ്ഥാപനത്തിലോ" എന്ന വാക്കുകൾ ചേർക്കുക.

205, 209, 210, 213, 214, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

12-ാം വകുപ്പ്

219, 220, 226, 227, 231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

13-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(233) " സ്റ്റാൻഡിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും വൈസ് പ്രസിഡന്റ് സ്ഥാനവും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത സംഗതിയിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാൻഡിംഗ് കമ്മിറ്റികളുടേയും" എന്ന വാക്കുകൾക്കു പകരം " രണ്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത സംഗതിയിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ"എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

235, 237, 240, 241, 242, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

14-ാം വകുപ്പ്

245, 247, 248, 249, 253, 254, 255, 256 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

247-ാം നമ്പർ ഭേദഗതി 17-നെതിരെ 52 വോട്ടുകളോടെ സഭ നിരാകരിച്ചു.

15-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(258) ഖണ്ഡം 15 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 203-ാം വകുപ്പിന്റെ 19-ാം ഉപവകുപ്പിൽ,-

(1) (i) -ാം ഇനത്തിലെ " നിരക്കുകളും വാർഷിക വസ്തു നികുതി വർദ്ധനവ് ഉണ്ടാകുന്ന പക്ഷം അതിന്റെ ഉപരി പരിധിയും" എന്ന വാക്കുകൾക്ക് പകരം " നിരക്കുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ii) മുതൽ (xi) വരെയുള്ള ഇനങ്ങളെ യഥാക്രമം (iii) മുതൽ (xii) വരെ ഇനങ്ങളായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്യപ്പെട്ട (iii)-ാം ഇനത്തിന് മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്-

"(ii) വാർഷിക വസ്തു നികുതി വർദ്ധനവിന്റെ ഉപരി പരിധി നിശ്ചയിക്കൽ"

259, 263, 264, 265, 266, 268, 269, 271, 274, 277, 284, 285, 286, 289, 291, 294, 295, 297, 299, 301, 302, 306, 308, 312, 313, 317, 318, 319, 322, 323, 340, 341, 342,

345, 346, 347, 348, 350, 351, 352, 354, 355, 356, 357, 358, 360, 361, 365 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

274-ാം നമ്പർ ഭേദഗതി 17-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

16-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(366) ഖണ്ഡം **16** പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൽ,-

(1) (എ) ഇനത്തിൽ "കെട്ടിടങ്ങൾ" എന്ന വാക്കിനുപകരം "കെട്ടിടങ്ങൾ, മതപഠനശാലകൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ഡി) ഇനത്തിൽ, "ധർമ്മ കാര്യങ്ങൾക്കായി" എന്ന വാക്കുകൾക്ക് ശേഷം "ഉപയോഗപ്പെടുത്തുന്നതും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

**367, 368, 369, 371, 372, 373, 374, 375, 376, 377, 378, 379, 380, 381, 382, 384** എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

379-ാം നമ്പർ ഭേദഗതി 17-നെതിരെ 57 വോട്ടുകളോടെ സഭ നിരാകരിച്ചു.

17-ാം വകുപ്പ്

386, 389 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

386-ാം നമ്പർ ഭേദഗതി 18-നെതിരെ 58 വോട്ടുകളോടെ സഭ നിരാകരിച്ചു.

18-ാം വകുപ്പ്

394-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

19-ാം വകുപ്പ്

395, 396, 397, 398, 399, 400, 401, 402, 403, 404, 406, 408, 409, 410 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

20-ാം വകുപ്പ്

419-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

103, 104 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ദേവസ്വവും പ്രിന്റിംഗും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിൻതാങ്ങുന്നു.

2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

109, 115, 116, 122, 123, 124, 125, 129, 130, 131, 132, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം വകുപ്പ്

134, 137, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

4-ാം വകുപ്പ്

155-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

5-ാം വകുപ്പ്

157-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(159) ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 21-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിനുശേഷം ചേർക്കുന്ന (4എ) മുതൽ (4ഡി) വരെയുള്ള ഉപവകുപ്പുകൾ (4ബി) മുതൽ (4ഇ) വരെയുള്ള ഉപവകുപ്പുകളായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്യപ്പെടുന്ന (4ബി) ഉപവകുപ്പിനുമുൻപായി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതും ആകുന്നു. അതായത്:-

‘‘(4എ) ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു ടൗൺ പഞ്ചായത്തിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു ടൗൺ പഞ്ചായത്തിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണ്.''

161, 164 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(165) ഖണ്ഡം 7 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, പുതുതായി ചേർക്കുന്ന (പി) ഖണ്ഡത്തിലെ "വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന വാക്കുകൾക്ക് പകരം "വിദ്യാഭ്യാസ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

167, 168, 169, 170, 173, 174, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

10-ാം വകുപ്പ്

180-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

11-ാം വകുപ്പ്

181-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

12-ാം വകുപ്പ്

182-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

13-ാം വകുപ്പ്

186, 187, 188, 189 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>14-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(190) പ്രധാന ആക്ടിലെ 91-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ഖണ്ഡം 14 ഉപഖണ്ഡം (2) പ്രകാരം (എഫ്) ഖണ്ഡത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ (i)-ാം ഇനത്തിന്റെ അവസാനം "ചേർക്കേണ്ടതാണ്"എന്ന വാക്കിനുപകരം " ആ മുനിസിപ്പാലിറ്റിയുമായി"എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനവുമായി" എന്ന വാക്കുകളും ചേർക്കേണ്ടതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

191-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>16-ാം വകുപ്പ്</u>

194, 195 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>17-ാം വകുപ്പ്</u>

196, 197, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>19-ാം വകുപ്പ്</u>

199, 200, 201, 202, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>20-ാം വകുപ്പ്</u>

205, 208, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

21-ാം വകുപ്പ്

226-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

22-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(227) ഖണ്ഡം 22 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 233-ാം വകുപ്പിന്റെ 19-ാം ഉപവകുപ്പിൽ ;-

(1) (i)-ാം ഇനത്തിലെ "നിരക്കുകളും വാർഷിക വസ്തു നികുതി വർദ്ധനവ് ഉണ്ടാകുന്ന പക്ഷം അതിന്റെ ഉപരി പരിധിയും" എന്ന വാക്കുകൾക്കുപകരം "നിരക്കുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ii) മുതൽ (xi) വരെയുള്ള ഇനങ്ങളെ യഥാക്രമം (iii) മുതൽ (xii) വരെ ഇനങ്ങളായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്യപ്പെട്ട (iii)-ാം ഇനത്തിനു മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത്:- (ii) "വാർഷിക വസ്തു നികുതി വർദ്ധനവിന്റെ ഉപരിപരിധി നിശ്ചയിക്കൽ";

228, 229, 232, 233, 235, 236, 237, 239, 241, 255, 256, 257, 258, 259, 261, 262, 264, 266, 268, 269, 270, 271, 272, 273, 274, 275, 276, 277, 278, 279, 280, 281, 283, 284, 294, 295, 296, 298, 300, 301, 302, 304, 305, 307, 308, 309, 310, 312, 313, 314 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**241**-ാം നമ്പർ ഭേദഗതി **20**-നെതിരെ **62** വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>24-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(315) ഖണ്ഡം **24** പ്രകാരം, പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ **235**-ാം വകുപ്പിന്റെ (എ) ഇനത്തിൽ "കെട്ടിടങ്ങൾ" എന്ന വാക്കിനുപകരം "കെട്ടിടങ്ങൾ, മതപഠനശാലകൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

317, 318, 319, 320, 321, 322, 323, 324, 325, 326, 327, 328, 329, 330, 331, 332, 333 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>28-ാം വകുപ്പ്</u>

**334**-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>33-ാം വകുപ്പ്</u>

**341**-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>37-ാം വകുപ്പ്</u>

**343**-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>39-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(344.) ഖണ്ഡം 39 പ്രകാരം പ്രധാന ആക്ടിൽ, പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 340 ബി വകുപ്പിലെ (1)-ാം ഉപവകുപ്പിലെ "3220" എന്ന അക്കങ്ങൾക്കുപകരം "340" എന്ന അക്കങ്ങളും "മുനിസിപ്പൽ സെക്രട്ട റിക്കോ" എന്ന വാക്കുകൾക്കുപകരം "സെക്രട്ടറിക്കോ" എന്ന വാക്കും ചേർക്കേണ്ടതാണ്.

345, 346, 347, 348, 349 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

40-ാം വകുപ്പ്

351-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

104, 105 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: 2009-ലെ കേരള പഞ്ചായത്ത് രാജ് - മുനിസിപ്പാ ലിറ്റി ബില്ലുകളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശത മാനം സംവരണം നൽകുന്നതിനോട് പൂർണ്ണമായി യോജിക്കുന്നു. നിയമ ത്തിന്റെ പ്രാബല്യമില്ലാതെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

ബിൽഡിംഗ് ടാക്സ് പിരിക്കുന്നത് നിർത്തിവയ്ക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ള സാഹചര്യത്തിൽ ബിൽഡിംഗ് ടാക്സ് സംബന്ധിച്ച അപ്പർ ലിമിറ്റും ലോവർ ലിമിറ്റും പ്രിസ്ക്രൈബ് ചെയ്യാതെ എക്സ്ട്രാ ഓർഡിനറി ഡെലിഗേറ്റഡ് പവർ ഗവൺമെന്റിന് കൊടുത്തിരിക്കുന്നത് ഭരണഘടനാ വിരുദ്ധവും ഹൈക്കോടതി വിധിയുടെ ലംഘനവുമാണ്. ഈ നിയമം പാസ്സാക്കാൻ പാടില്ല. കേരള നിയമസഭ പാസ്സാക്കുന്ന നിയമത്തിന്റെ പ്രാബല്യമില്ലാതെ നികുതി ഈടാക്കാനും പാടില്ല. ബിൽഡിംഗ് ടാക്സിൽ 60 ശതമാനം വർദ്ധനവ് വരുത്തുന്നത് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന അധിക നികുതി ഭാരമാണ്. നിയമസഭയുടെ അവകാശം ഉപയോഗിച്ച് പാസ്സാക്കുന്ന ഈ നിയമത്തെ എതിർക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): തദ്ദേശഭരണ സ്ഥാപനങ്ങളിൽ വനിതാ പ്രാതിനിധ്യം കൂട്ടുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തിന്റെ മറവിൽ ബിൽഡിംഗ് ടാക്സിൽ അമിത വർദ്ധനവ് വരുത്തിയിക്കുകയാണ്. ഇപ്പോഴുള്ള ടാക്സിന്റെകൂടെ 60 ശതമാനം കൂട്ടിയതിനുശേഷം വീണ്ടും 50 ശതമാനംവരെ സർച്ചാർജ് ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. സർച്ചാർജ്ജ് കൂടി കൂട്ടിയാണോ 60 ശതമാനമെന്നുള്ളത് വ്യക്തമാക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി ബില്ലുകളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യം 50 ശതമാനമായി വർദ്ധിപ്പിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. ജനങ്ങളെ പീഡിപ്പിക്കുന്ന വിവിധ തരത്തിലുള്ള നികുതി വർദ്ധനവ് ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. കെട്ടിടനികുതി നിരക്ക് വ്യക്തമാക്കാത്ത ഈ നിയമനിർമ്മാണത്തെ എതിർക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യം 50 ശതമാനമായി വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയിൽ ആദ്യമായി നിയമനിർമ്മാണം നടത്തിയത് കേരള നിയമസഭയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിനും ഈ ബിൽ പ്രയോജനപ്പെടും. അതാതു പഞ്ചായത്തുകളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ടാക്സ് നിശ്ചയിക്കാനും വികസന പ്രവർത്തനങ്ങൾ നടത്താനും വിവേചനാധികാരത്തോടുകൂടി തീരുമാനമെടുക്കാനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന നിയമമാണിത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): തദ്ദേശഭരണസ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യം 50 ശതമാനമായി വർദ്ധിപ്പിക്കാനുള്ള തീരുമാനം എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളെ അംഗീകരിക്കാനും അവർക്ക് നിയമപരമായ സംരക്ഷണം ഉറപ്പാക്കാനും ഉതകുന്നതാണ്. ഏറ്റവും ശ്രേഷ്ഠമായ ഈ ബിൽ കൊണ്ടുവന്ന തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സുപ്രധാനമായ പല നിയമനിർമ്മാണങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള കേരള നിയമസഭ ഭരണഘടനാപരമായി സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യഅവകാശം പ്രാവർത്തികമാക്കുന്നതിനുള്ള നിയമനിർമ്മാണത്തിന് നേതൃത്വം കൊടുത്തത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>: തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തുകയും അവയുടെ സ്വയാർജ്ജിത വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഈ നിയമം നിർമ്മിക്കാൻ മുൻകയ്യെടുത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനായി യാതൊരു മാനദണ്ഡവുമില്ലാതെ നികുതി ഏർപ്പെടുത്തുന്നത് നീതി നിഷേധിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം

<u>ശ്രീ. മാത്യു. ടി. തോമസ്</u>: തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തുന്ന ഈ നിയമനിർമ്മാണത്തെ സ്വാഗതം ചെയ്യുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) സ്ത്രീകളുടെ പുരോഗതിക്കായി ചരിത്രപ്രധാനമായ നിയമം പാസ്സാക്കുന്നത് വളരെയേറെ അഭിമാനകരവും അങ്ങേയറ്റം സ്വാഗതാർഹവുമാണ്. ഇതിന് നേതൃത്വം കൊടുത്ത മന്ത്രി അഭിനന്ദനം അർഹിക്കുന്നു.

<u>ശ്രീ. കെ.കെ. ഷാജു</u>: തദ്ദേശഭരണ സ്ഥാപനങ്ങളിൽ കെട്ടിടനികുതി 60 ശതമാനം വരെ വർദ്ധിപ്പിക്കാനുള്ള തീരുമാനം കേരളത്തിലെ ജനങ്ങളെ കൊള്ളയടിക്കുന്നതിനുള്ളതാണ്. സത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയതിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി.എം.എ. സലാം</u>: തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയത് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ മഹത്തായ ഒരു അദ്ധ്യായനത്തിന് തുടക്കം കുറിക്കും. വിവിധ

പഞ്ചാത്തുകൾ അനുഭവിക്കുന്ന പ്രയാസം പരമാവധി കുറയ്ക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമനിർമ്മാണത്തിന് മുൻകയ്യെടുത്ത ഇടതു പക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): നികുതി വർദ്ധനവ് 60 ശതമാനത്തിൽ കൂടാൻ പാടില്ല എന്നുള്ളതു മാത്രമാണ് ഗവൺമെന്റ് കൊടുത്തിട്ടുളള നിർദ്ദേശം. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നികുതി ഏർപ്പെടുത്തുന്നതിന് വ്യക്തമായ മാനദണ്ഡം വച്ചിട്ടുണ്ട്. ഏതെങ്കിലും പഞ്ചായത്ത് പ്രദേശത്തുള്ള ആളുകൾക്ക് അവിടെ ഒരു പദ്ധതി വേണമെന്നുണ്ടെങ്കിൽ അതാത് പഞ്ചായത്തുകളുമായി ചർച്ചചെയ്ത് അവർ ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്. സ്ത്രീകൾക്ക് 50 ശതമാനം സംവരണം എന്നുള്ളത് കേരള നിയമസഭയുടെ ചരിത്രത്തിലെ പ്രധാന സംഭവമാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ ബിൽ പാസ്സാകുന്ന തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റ് സംവരണം നടപ്പിലാകാൻ പോവുകയാണ് അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ മുൻകയ്യെടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. നികുതി വർദ്ധനവിന്റെ പേരുപറഞ്ഞ് ഒരു പഞ്ചായ ത്തിനും സ്വയം നികുതി വർദ്ധിപ്പിക്കാൻ കഴിയില്ല. ജനങ്ങളുടെമേൽ അനാവശ്യമായി നികുതി വർദ്ധിപ്പിക്കാൻ ഒരു ഗവണ്മെന്റും തയ്യാറാകില്ല. സ്ത്രീ സംവരണത്തിനായുള്ള നിയമനിർമ്മാണം നടത്തുന്ന ഘട്ടത്തിൽ നികുതിവർദ്ധനവിന്റെ പേരുപറഞ്ഞ് ബില്ലിനെ അവഹേളിക്കുന്നത്

ശരിയല്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം നൽകുന്ന ഈ നിയമം ഏകകണ്ഠമായി പാസ്സാക്കാൻ പ്രതിപക്ഷം സഹകരിക്കണം.

2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 5.38-ന് പിരിഞ്ഞു.

*********